LIBRARY ARCHIVES Kerala Legislative Assembly

റവന്യൂ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

86 (268) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ കുടിശ്ശിക ഇനത്തിൽ മൊത്തം എത്ര കോടി രൂപ സർക്കാരിന് പിരിഞ്ഞുകിട്ടാനുണ്ട് ;

(ബി) ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര കേസ്സുകൾ കോടതിയിൽ നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(സി) കോടതി സ്റ്റേ ചെയ്തിരിക്കുന്ന കേസുകളിൽ മൊത്തം എത്ര കോടി രൂപ കുടിശ്ശികയായി ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോടതി സ്റ്റേ ഒഴിവാക്കി സർക്കാരിലേക്ക് കിട്ടേണ്ട പണം ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ലാന്റ് റവന്യൂ വകുപ്പിൽ 31-12-2005 വരെ 203.69 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) 11806 കേസ്സുകൾ (31-12-2005 വരെ).

(സി) 27.62 കോടി രൂപ (31-12-2005 വരെ).

(ഡി) കോടതി സ്റ്റേയുള്ള കേസുകളിൽ സ്റ്റേ ഒഴിവാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ വില്ലേജുകളെ വിഭജിക്കാനുള്ള നടപടി

87 (269) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വില്ലേജുകളെ വിഭജിക്കാനുള്ള നടപടി എവിടെ വരെയായി ;

(ബി) രണ്ട് പഞ്ചായത്തുകൾ ഉള്ളതും ജനസാന്ദ്രത കൂടുതലുള്ളതുമായ വില്ലേജുകളെ വിഭജിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ പെരിങ്ങത്തൂർ വില്ലേജ് വിഭജിക്കാനുള്ള നടപടി എവിടം വരെയായെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെ കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ വില്ലേജുകളുടെ രൂപീകരണം എന്ന ആവശ്യം പരിശോധിക്കാനാവൂ.